ഫോൺ : 0471-251 2453
251 2662
ഫാക്സ് : 0471-251 2375
E-mail : klamps-b@niyamasabha.nic.in

Website : www.niyamasabha.org
www.niyamasabha.nic.in
തിരുവനന്തപുരം-695 033

## കേരള നിയമസഭാ സെക്രട്ടേറിയറ്റ്

കേരള ലെജിസ്ലേറ്റീവ് അസംബ്ലി മീഡിയ & പാർലമെന്ററി സ്റ്റഡി സെന്റർ
(പാർലമെന്ററി സ്റ്റഡീസ്)
കെ-ലാംപ്സ് (പി. എസ്.) 'ബി' സെക്ഷൻ

നമ്പർ : 12284/കെ-ലാംപ്സ് ബി3/2021/ നി.സെ.

തിരുവനന്തപുരം,
18.07.2022

### വിജ്ഞാപനം

വിഷയം:- കേരള നിയമസഭ - കേരള ലെജിസ്ലേറ്റീവ് അസംബ്ലി മീഡിയ ആൻഡ് പാർലമെന്ററി സ്റ്റഡി സെന്റർ (പാർലമെന്ററി സ്റ്റഡീസ്)- സർട്ടിഫിക്കറ്റ് കോഴ്സിന്റെ - 2022 ലെ പരീക്ഷ അപേക്ഷ സ്വീകരിക്കുന്നതു സംബന്ധിച്ച്.

കേരള നിയമസഭയുടെ കേരള ലെജിസ്ലേറ്റീവ് അസംബ്ലി മീഡിയ ആൻഡ് പാർലമെന്ററി സ്റ്റഡി സെന്റർ (പാർലമെന്ററി സ്റ്റഡീസ്) നടത്തുന്ന 'സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ പാർലമെന്ററി പ്രാക്ടീസ് ആന്റ് പ്രൊസീജിയർ'-ന്റെ 2022 ലെ എഴുത്തു പരീക്ഷ **2022 സെപ്റ്റംബർ 24, 25** തീയതികളിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. പ്രസ്തുത പരീക്ഷയ്ക്കുള്ള അപേക്ഷ ഫോം നിയമസഭ വെബ്സൈറ്റിൽ(www.niyamasabha.org) ലഭ്യമാണ്. പരീക്ഷയ്ക്കുള്ള അപേക്ഷയും പരീക്ഷാ ഫീസും പിഴ കൂടാതെ **2022 ആഗസ്റ്റ് 5** വരെയും പിഴയോടുകൂടി **2022 ആഗസ്റ്റ് 12** വരെയും സ്വീകരിക്കുന്നതാണ്. എസ്.സി / എസ്.റ്റി വിഭാഗത്തിലെ പഠിതാക്കൾ (02) പരീക്ഷാ ഫീസ് അടയ്ക്കേണ്ടതില്ല. മുൻ വർഷങ്ങളിലെ പരീക്ഷ പൂർത്തിയാക്കാത്തതും രജിസ്ട്രേഷൻ നിലനിൽക്കുന്നതുമായ പഠിതാക്കൾക്കും പരീക്ഷ എഴുതാവുന്നതാണ്. അവരും നിശ്ചിത പേപ്പറുകളുടെ ഫീസ് സഹിതം അപേക്ഷ യഥാസമയം സമർപ്പിക്കേണ്ടതാണ്.

പരീക്ഷാ ഫീസ്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ വികാസ് ഭവൻ ബ്രാഞ്ചിൽ **37005174195** എന്ന അക്കൗണ്ടിൽ നേരിട്ടോ ഓൺലൈൻ ട്രാൻസ്ഫറായോ **(IFSC SBIN0070415)** അല്ലെങ്കിൽ " The Executive Director, K-LAMPS" എന്ന പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് ആയോ അടയ്ക്കാവുന്നതാണ്. പരീക്ഷയും ഫീസും സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| DATE | TIME | PAPER | SUBJECT |
|---|---|---|---|
| 24.08.2022 (Saturday) | 10.00 am to 12.30 pm | I | **Parliamentary Democracy** |
| | 02.00 pm to 04.30 pm | II | **Legislature,Executive and Judiciary-Constitutional Provisions** |
| 25.08.2022 (Sunday) | 10.00 am to 12.30 pm | III | **Laws and Rules Regulating Practice and Procedure of Parliament and State Legislature** |
| | 02.00 pm to 04.30 pm | IV | **Legislative Procedure and Procedure in Financial Matters** |

**പരീക്ഷ കേന്ദ്രങ്ങൾ**

തിരുവനന്തപുരം - ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ ഫോർ ഗേൾസ്, വഴുതക്കാട്, തിരുവനന്തപുരം(കോട്ടൻഹിൽ ഗേൾസ് സ്കൂൾ)

കോഴിക്കോട് - ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ ഫോർ ഗേൾസ്, നടക്കാവ്, കോഴിക്കോട്

എറണാകുളം - ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ ഫോർ ഗേൾസ്, ചിറ്റൂർ റോഡ്, എറണാകുളം

**പരീക്ഷ ഫീസ്**

| Paper No. | Name of Paper | Exam. Fee till 5 August 2022 ₹ | Fine (till 12 August 2022) (₹) | Total With fine ₹ |
|---|---|---|---|---|
| I | Parliamentary Democracy | 100/- | 25/- | 125/- |
| II | Legislature, Executive and Judiciary - Constitutional Provisions | 100/- | 25/- | 125/- |
| III | Laws and Rules Regulating Practice and Procedure of Parliament and State Legislature | 100/- | 25/- | 125/- |
| IV | Legislative Procedure & Procedure in Financial Matters | 100/- | 25/- | 125/- |
| | **TOTAL** | **400/-** | **100/-** | **500/-** |

പഠിതാക്കൾ ഒരു പരീക്ഷാ കേന്ദ്രം മാത്രം തിരഞ്ഞെടുക്കേണ്ടതും, തിരഞ്ഞെടുത്ത പരീക്ഷാ കേന്ദ്രം അപേക്ഷയിൽ രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്. പൂരിപ്പിച്ച അപേക്ഷ (ഫോട്ടോ സഹിതം) പരീക്ഷാ ഫീസ് അടച്ചതിന്റെ പേ-ഇൻ-സ്ലിപ്പ് / ഓൺലൈൻ ട്രാൻസ്ഫർ രസീത് /ഡിമാന്റ് ഡ്രാഫ്റ്റ് സഹിതം നേരിട്ടോ അല്ലെങ്കിൽ " **ഡെപ്യൂട്ടി ഡയറക്ടർ, റൂം. നം. 739, കേരള ലെജിസ്ലേറ്റീവ് അസംബ്ലി മീഡിയ ആൻഡ് പാർലമെന്ററി സ്റ്റഡി സെന്റർ (പാർലമെന്ററി സ്റ്റഡീസ്), കേരള നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം - 695033** ' എന്ന വിലാസത്തിൽ രജിസ്റ്റേർഡ് തപാലിലോ അയക്കേണ്ടതാണ്. പേ-ഇൻ-സ്ലിപ്പ് / ഓൺലൈൻ ട്രാൻസ്ഫർ രസീത് എന്നിവയുടെ സോഫ്റ്റ് കോപി **klamps-ac@niyamasabha.nic.in** എന്ന ഇ-മെയിൽ വിലാസത്തിൽ പഠിതാവിന്റെ പേരും എൻറോൾമെന്റ് നമ്പരും സൂചിപ്പിച്ചുകൊണ്ട് അയക്കേണ്ടതാണ്. പേ-ഇൻ-സ്ലിപ്പ് / ഓൺലൈൻ ട്രാൻസ്ഫർ രസീത്/ഡിമാന്റ് ഡ്രാഫ്റ്റ് ഉള്ളടക്കം ചെയ്യാത്ത അപേക്ഷകളും, ഫോട്ടോ പതിച്ചിട്ടില്ലാത്ത അപേക്ഷകളും, നിശ്ചിത തീയതി കഴിഞ്ഞ് ലഭിക്കുന്ന അപേക്ഷകളും പരിഗണിക്കുന്നതല്ല.

**നിശ്ചിത തീയതിയ്ക്കുള്ളിൽ പരീക്ഷാഫീസ് അടച്ച് അപേക്ഷ സമർപ്പിച്ചെങ്കിൽ മാത്രമേ സർട്ടിഫിക്കറ്റ് കോഴ്സിന്റെ രജിസ്ട്രേഷൻ നിലനിൽക്കുകയുള്ളൂ. രജിസ്ട്രേഷൻ റദ്ദാകുന്ന പഠിതാക്കൾ വീണ്ടും കോഴ്സിന് പ്രവേശനം നേടേണ്ടതാണ്.**

**കവിത ഉണ്ണിത്താൻ**
**സെക്രട്ടറി-ഇൻ-ചാർജ്**